# നിർമാണം നിലച്ച വീടുകൾ മാർച്ചിൽ പൂർത്തിയാക്കും: മുഖ്യമന്ത്രി

● സ്വന്തം ലേഖകൻ

തിരുവനന്തപുരം > ലൈഫ് ഭവന പദ്ധതി ലക്ഷ്യപ്രാപ്തിയിലേക്ക് നീങ്ങുകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ നിയമസഭയിൽ പറഞ്ഞു. ഒന്നാംഘട്ടമായി, പാതിവഴിയിൽ നിലച്ച വീടുകളുടെ പുനർനിർമാണം മാർച്ച് 31ന് പൂർത്തിയാക്കും. ഭവനസമുച്ചയം നിർമാണവും സ്ഥലമുള്ളവർക്ക് വീടുവയ്ക്കുന്നതും ഏപ്രിലിൽ ആരംഭിക്കും.

ഇത് രണ്ടും ഒന്നിച്ച് ആരംഭിക്കാനാണ് തീരുമാനം. ഇരട്ട വീടുകൾ ഒറ്റവീടാക്കാനുള്ള പദ്ധതിയും ലൈഫിന്റെ ഭാഗമായി നടപ്പാക്കും. ജനങ്ങളുടെ പൂർണപങ്കാളിത്തത്തോടെയാണ് എല്ലാവർക്കും ഭവനമെന്ന പദ്ധതി ലക്ഷ്യത്തിലെത്തിക്കുകയെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. പി കെ ബഷീറിന്റെ അടിയന്തരപ്രമേയ നോട്ടീസിന് മറുപടി പറയുകയായിരുന്നു മുഖ്യമന്ത്രി.

പദ്ധതിക്ക് ആവശ്യമായ തുക തദ്ദേശസ്ഥാപനങ്ങൾക്ക് വായ്പ നൽകാൻ പ്രത്യേക ഫിനാൻസ് കമ്പനി രൂപീകരിക്കും. വായ്പകളുടെ മുതൽ അവരുടെ ഭാവി പ്ലാൻ ഫണ്ടിൽനിന്ന് വർഷംതോറും കുറവുചെയ്യും. പലിശ സർക്കാർ വഹിക്കും.

റേഷൻ കാർഡില്ലാത്തതിനാൽ വിട്ടുപോയ അഗതികുടുംബങ്ങളെ ലിസ്റ്റിൽ ഉൾപ്പെടുത്തും. മറ്റ് ചില കാരണങ്ങളാൽ ലിസ്റ്റിൽനിന്ന് വിട്ടുപോയെന്ന് പരാതിയുള്ളവരെ വരുംവർഷങ്ങളിൽ പരിഗണിക്കും.

സംസ്ഥാനത്ത് 5,13,436 ഗുണഭോക്താക്കളെയാണ് സർവേയിലൂടെ കണ്ടെത്തിയത്. ഇതിൽ ക്ലേശഘടകങ്ങൾ ഉള്ള 91,984 ഗുണഭോക്താക്കളിൽ എസ്സി വിഭാഗത്തിൽ 75,065, എസ്ടി വിഭാഗത്തിൽ 14085, മത്സ്യത്തൊഴിലാളിവിഭാഗം 6000 എന്നിങ്ങനെ ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുണ്ട്. ഗുണഭോക്തൃപട്ടിക ഗ്രാമ, വാർഡ് സഭകളിൽവച്ച് അംഗീകാരം നൽകിയിട്ടുണ്ട്.

797 തദ്ദേശസ്ഥാപനങ്ങളും അന്തിമ ഗുണഭോക്തൃപട്ടിക അംഗീകരിച്ചു. ബാക്കിയുള്ളവ അഞ്ച് ദിവസത്തിനകം അന്തിമ ഗുണഭോക്തൃപട്ടിക അംഗീകരിക്കുന്നതിന് നടപടിയാകും.

ലൈഫ് മിഷൻ ഈ വർഷം ലക്ഷ്യമിട്ടത് വിവിധ ഭവന നിർമാണ പദ്ധതികൾ പ്രകാരം പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണമാണ്. ആകെ 66,750 വീടാണ് ഇങ്ങനെയുള്ളത്. ഇതിൽ 18000 എസ്ടി വീടുകൾ പൂർത്തിയാക്കാനുള്ള നടപടി സ്വീകരിച്ചു. അത്തരം 1,662 എസ്ടി വീടുകൾ പൂർത്തിയായി. 5,952 വീടുകൾ ഭൗതികമായി പൂർത്തിയായി. ബാക്കിയുള്ളവ വിവിധ ഘട്ടങ്ങളിലായി പുരോഗതിയിലാണ്. മാർച്ച് 31ഓടെ പൂർത്തിയാക്കും.

1.76 ലക്ഷം ഭൂമിയുള്ള ഭവനരഹിതർക്ക് അടുത്ത സാമ്പത്തിക വർഷം വീട് നൽകും. നാലുലക്ഷം രൂപയുടെ വീടുകളാണ് നൽകുക. 3,38,380 പേർക്ക് പുതുതായി വീടും സ്ഥലമോ അല്ലെങ്കിൽ ഭവനസമുച്ചയമോ നിർമിച്ച് നൽകും. പിഎംഎവൈ വീടുകളാണെങ്കിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായമായി രണ്ടര ലക്ഷം രൂപ നൽകും.

ഇത്തരം 77,953 വീടിന് ഈ വർഷംതന്നെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

ഇതിൽ ഉൾപ്പെടാത്ത വീടുകൾക്ക് ഒരുലക്ഷം രൂപ നൽകും. ബാക്കി തുക തദ്ദേശസ്ഥാപനങ്ങൾ സ്വന്തം പ്ലാൻ ഫണ്ടിൽ നിന്നോ വായ്പയായോ കണ്ടെത്തുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

## എസ്സി- എസ്ടി പദ്ധതിയിൽ 59,099 വീട്പൂർത്തിയാക്കി

പട്ടികജാതി-വർഗ വിഭാഗങ്ങൾക്കുള്ള ഭവന പദ്ധതി എൽഡിഎഫ് സർക്കാർ അധികാരത്തിലെത്തിയശേഷം സജീവമായതായി മന്ത്രി എ കെ ബാലൻ പറഞ്ഞു. യുഡിഎഫ് സർക്കാരിന്റെ കാലത്ത് 71201 വീടുകൾ സ്പിൽ ആയിരുന്നു. 59099 വീട് എൽഡിഎഫ് വന്നശേഷം പൂർത്തിയാക്കി. സംസ്ഥാനത്ത് 21000 വീട് എൽഡിഎഫ് പുതുതായി അനുവദിച്ചു. അതിന്റെ പണി നടക്കുകയാണ്. മൂന്നാം ഗഡു ഉടൻ നൽകും. സ്വന്തമായി ഭൂമിയും വീടുമില്ലാത്ത എസ്സി വിഭാഗത്തിൽപ്പെട്ട 43252 കുടുംബങ്ങളും എസ്ടി വിഭാഗത്തിൽ 11,520 കുടുംബങ്ങളുമുണ്ട്. ഒരുവർഷംകൊണ്ട് ഇവർക്കെല്ലാം സ്ഥലവും വീടും നൽകും. എൽഡിഎഫ് സർക്കാർ അഞ്ചുവർഷം പൂർത്തിയാക്കുന്നതോടെ സംസ്ഥാനത്ത് സ്ഥലവും വീടുമില്ലാത്ത ഒരു പട്ടികജാതി-വർഗക്കാരനുമുണ്ടാകില്ലെന്നും മന്ത്രി ബാലൻ പറഞ്ഞു. ലൈഫ് പദ്ധതിയുടെ ഭാഗമായാണ് വീടുകൾക്കുള്ള തുക നാലുലക്ഷമാക്കിയതെന്ന് മന്ത്രി കെ ടി ജലീൽ പറഞ്ഞു. ലൈഫ് പദ്ധതിയെ ഇകഴ്ത്തിക്കാട്ടാനുള്ള നീക്കമാണ് പ്രതിപക്ഷം നടത്തുന്നതെന്നും അദ്ദേഹം പറഞ്ഞു.

## താലൂക്ക് രൂപീകരണം:

## പെരിങ്ങമ്മലയിൽ പ്ലാന്റ്

## ഓഖി: 94.46 കോ